പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2237 — 10.10.2011- ലെ മറുപടി

ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കാനുള്ള നടപടി

ചോദ്യം — ഉത്തരം

ഡോ. കെ. ടി. ജലീൽ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തൃശ്ശൂരിനും കോഴിക്കോടിനും ഇടയ്ക്ക് നാഷണൽ ഹൈവേയുടെ സമീപത്ത് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററോ, ഡിപ്പോയോ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും | എടപ്പാൾ റീജിയണൽ വർക്ക് ഷോപ്പിൽ നിന്നും 15 കി.മീ. ദൂരെ പൊന്നാനിയിൽ കെ.എസ്.ആർ.ടി.സി.യുടെ ഒരു സബ് ഡിപ്പോ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിന്നും ദീർഘദൂര സർവ്വീസുകൾ ഉൾപ്പെടെ 30 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇതുകൂടാതെ വളാഞ്ചേരിയിൽ ഒരു സ്റ്റേഷൻമാസ്റ്റർ ഓഫീസും പ്രവർത്തിച്ചുവരുന്നുണ്ട്. നാഷണൽ ഹൈവേയിൽ തൃശ്ശൂരിനും കോഴിക്കോടിനും മദ്ധ്യേയുള്ള എടപ്പാളിൽ കെ.എസ്.ആർ.ടി.സി. യുടെ ഒരു റീജിയണൽ വർക്ക്ഷോപ്പ് |
| (ബി) | എങ്കിൽ എടപ്പാളിലുള്ള കെ.എസ്.ആർ.ടി.സി.യുടെ സ്ഥല സൗകര്യം ഉപയോഗപ്പെടുത്തി ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) യും | പ്രവർത്തിക്കുന്ന സ്ഥലം ഒരു പ്രധാന പട്ടണമോ പ്രാധാന്യമുള്ള പ്രദേശമോ അല്ല. അതുകൊണ്ട് തന്നെ അവിടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങിയാൽ കുറ്റിപ്പുറം വരെയുള്ള 6 കി.മീ. ദൂരവും എടപ്പാൾ ടൗൺ വരെയുള്ള 8 കി.മീ. ദൂരവും മതിയായ യാത്രക്കാരെ ലഭിക്കാതെ സർവ്വീസ് നടത്തേണ്ടിവരും. ആയതിനാൽ എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പ് ഇരിക്കുന്ന സ്ഥലത്ത് ഒരു ഓപ്പറേറ്റിംഗ് സെന്റർ വേണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ